(ജി) ഗുജറാത്ത് ഭൂകമ്പബാധിതരെ സഹായിക്കുവാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കിട്ടിയ തുകയിൽ നിന്ന് എന്തു തുക വീതം മറ്റേതെല്ലാം കാര്യങ്ങൾക്കുവേണ്ടി ചെലവായി ;

(എച്ച്) ഈയിനത്തിൽ പിരിഞ്ഞു കിട്ടിയ തുക, സാധന സാമഗ്രികൾ എന്നിവയിൽ എന്തു വീതം ബാക്കിയുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേയ്ക്ക് 12-2-2001 വരെ 2,81,28,501 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ബി) 5-2-2001 വരെ 2,37,01,105 രൂപയാണ് പിരിഞ്ഞുകിട്ടിയത്.

(സി) തുക ഗുജറാത്ത് ഗവൺമെന്റിന് കൈമാറിയിട്ടില്ല. എന്നാൽ ഈ നിധിയിൽ നിന്ന് കേരള ഗവൺമെന്റ് 25 ലക്ഷം രൂപയ്ക്കുള്ള കമ്പിളികളും ടെന്റുകളും വാങ്ങി ന്യൂഡൽഹിയിലെ ഗുജറാത്ത് റസിഡന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ രണ്ടു കോടി രൂപയുടെ സഹായമാണ് പ്രഖ്യാപിച്ചത്. ഈ തുക നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(ഇ) ഗുജറാത്ത് സർക്കാരിന് നേരിട്ട് തുക കൈമാറിയിട്ടില്ല. ദുരിതബാധിതർക്ക് 25 ലക്ഷം രൂപയുടെ കമ്പിളിയും ടെന്റുപകരണങ്ങളും നൽകയിട്ടുണ്ട്.

(എഫ്) അനുബന്ധം-1(a) ആയി ചേർത്തിട്ടുണ്ട്.†

(ജി) അനുബന്ധം-1(b) ആയി ചേർത്തിട്ടുണ്ട്.†

(എച്ച്) 12-2-2001-ൽ 2,55,99,714 രൂപ ബാക്കിയുണ്ട്. സാധനസാമഗ്രികൾ കിട്ടുന്ന മുറയ്ക്ക് ഗുജറാത്തിലേക്ക് അയച്ചുകൊണ്ടിരിക്കുകയാണ്.

ആരോഗ്യമേഖലയിൽ പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

11 (*10) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്ത പോളിയോ വൈറസുകൾ വീണ്ടും കണ്ടെത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† അനുബന്ധം - I(a&b)

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് പ്രതിരോധിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽവിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ&ബി) ഉണ്ട്. രോഗം ബാധിച്ച കുട്ടിയെ മെഡിക്കൽ കോളേജിൽ പ്രവേശിച്ച് രോഗം അക്യൂട്ട് ഫ്ളാസിഡ് പരാലിസിസ് ആണെന്നു സ്ഥിരീകരിച്ചതിനു ശേഷം ആ കുട്ടിയുടെ വീടിന് രണ്ടു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ കുട്ടികൾക്കും പോളിയോ തുള്ളിമരുന്ന് നൽകിയിട്ടുണ്ട്. 2000 ഡിസംബർ മാസവും 2001 ജനുവരി മാസവും രാജ്യമൊട്ടുക്ക് നടന്ന പൾസ് പോളിയോ പരിപാടിയിൽ കൊണ്ടോട്ടി ഭാഗത്തുള്ള കുട്ടികൾക്ക് തുള്ളിമരുന്ന് ലഭിച്ചു എന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ 2001 മാർച്ച് 12 മുതൽ 17 വരെ തുള്ളിമരുന്ന് വിതരണം മോപ്പിംഗ്അപ്പ് പ്രോഗ്രാം വഴി നടത്തുന്നുണ്ട്. ഈ രോഗത്തിന്റെ പ്രതിരോധനടപടികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചു. ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, മതപണ്ഡിതന്മാർ, വിവിധ ചികിൽസാ വിഭാഗങ്ങളിലെ ജില്ലാ തലവൻമാർ, സർക്കാരിതര സംഘടനാ നേതാക്കൾ, മാധ്യമപ്രതിനിധികൾ മുതലായവരുടെ യോഗം ഡിസംബർ 4ന് വിളിച്ചുകൂട്ടുകയും എല്ലാവിധ സഹകരണങ്ങളും തേടുകയും ചെയ്തു. മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, വയനാട് എന്നീ ജില്ലകളിലും തമിഴ്നാട്ടിലെ കോയമ്പത്തൂർ നീലഗിരി ജില്ലകളിലും മോപ്പിംഗ്അപ്പ് പ്രോഗ്രാമിൽക്കൂടി തുള്ളി മരുന്ന് നൽകുന്നതിനുള്ള തയ്യാറെടുപ്പ് നടന്നു വരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗുജറാത്തിലെ ഭൂകമ്പത്തെ സംബന്ധിച്ച പഠനം

12 (*11) ശ്രീ. പി. വിശ്വൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുജറാത്തിൽ ഈയിടെ ഉണ്ടായ ഭൂകമ്പത്തിൽപ്പെട്ട മലയാളികളുടെ കഷ്ടനഷ്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിനായി സർക്കാർ പഠന സംഘത്തെ നിയോഗിച്ചിരുന്നുവോ ; എങ്കിൽ പ്രസ്തുത സംഘത്തിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിരുന്നതെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly